# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1207 — 05.03.2018-ൽ മറുപടിക്ക്

### പൊഴിയൂർ മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ആൻസലൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ കേന്ദ്രമാക്കി മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 2018-2019-ലെ പൊതുബഡ്ജറ്റിന്റെ ചർച്ചയുടെ മറുപടിയിൽ പ്രഖ്യാപിച്ച പ്രകാരം നിർമ്മാണ പ്രവർത്തനത്തിന് എത്ര കോടി രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റികര നിയോജക മണ്ഡലത്തിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 2018-19 പൊതു ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന് "4405-00-104-83- പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ" എന്ന ശീർഷകത്തിൽ 75 ലക്ഷം ഉൾപ്പെടുത്തിയിട്ടുണ്ട്. പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തുറമുഖ നിർമ്മാണത്തിന്റെ ഡി. പി. ആർ. പൂർത്തീകരിക്കാൻ ആരെയാണ് ചുമതലപ്പെടുത്തുന്നത്; ഇതിന്റെ നിർമ്മാണ മേൽനോട്ടം വഹിക്കുന്നത് ഫിഷറീസ് വകുപ്പ് ആണോ എന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ എല്ലാ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കുന്നതും മേൽനോട്ട ചുമതലയും വഹിക്കുന്നത് ഹാർബർ എൻജിനീയറിംഗ് വകുപ്പാണ്. |
| (സി) | പ്രസ്തുത തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തീരദേശ നിവാസികളെ മാറ്റിപ്പാർപ്പിക്കേണ്ട സാഹചര്യം ഉണ്ടോ; | (സി) | പൊഴിയൂർ തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാരംഭ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുകയാണ്. പദ്ധതി രൂപരേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ മാത്രമേ തീരദേശ നിവാസികളെ മാറ്റി പാർപ്പിക്കേണ്ട സാഹചര്യം ഉണ്ടോയെന്ന് അറിയാൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണം ഏത് വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പൊഴിയൂരിലെ പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം മാതൃകാ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ EIA പഠനം പൂർത്തിയാക്കേണ്ടതുണ്ട്. EIA ക്ലിയറൻസ് ലഭിച്ച ശേഷം പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതാണ്. മേൽ പഠനങ്ങൾക്കായി ഏകദേശം ഒന്നര വർഷത്തോളം സമയം ആവശ്യമാണ്. തുടർന്ന് പദ്ധതി പൂർത്തീകരിക്കുന്നതിന് ഏകദേശം 4 വർഷം സമയം ആവശ്യമാണ്. |



സെക്ഷൻ ഓഫീസർ